75

# വ്യവസായ കേരളം

Happy New Year

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 JANUARY 2025

## ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായി സ്റ്റാർട്ടപ്പ് കോൺക്ലേവ്

അൻപതിലധികം സ്റ്റാർട്ടപ്പ് കമ്പനികൾ പങ്കെടുത്ത സ്റ്റാർട്ടപ്പ് സെക്ടറൽ കോൺക്ലേവ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് 2024 ഡിസംബർ 18 ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായാണ് സ്റ്റാർട്ടപ്പ് കോൺക്ലേവ് സംഘടിപ്പിച്ചത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബിഗ് ഡാറ്റ & അനലിറ്റിക്സ്, അഡ്വാൻസ്ഡ് മാനുഫാക്ചറിങ് ആന്റ് റോബോട്ടിക്സ് തുടങ്ങി നിരവധി മേഖലകളിൽ നിന്നുള്ള കമ്പനികൾ പങ്കെടുത്തു. നിരവധി സെഷനുകളിലായി സംഘടിപ്പിച്ച സെക്ടറൽ കോൺക്ലേവിൽ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമായിട്ടുള്ള ഗ്രാന്റുകളെക്കുറിച്ചും മറ്റ് സ്കീമുകളെക്കുറിച്ചും സ്കെയിൽ അപ്പ് പദ്ധതികളെക്കുറിച്ചുമുള്ള സംവാദങ്ങളുണ്ടായിരുന്നു.




ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം ആഗോള വളർച്ചാ ശരാശരിയേക്കാൾ 5 മടങ്ങ് വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട് കേരളത്തിന്റെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം. നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പുകൾക്ക് വലിയ പിന്തുണയാണ് സർക്കാർ നൽകുന്നതെന്നും ഐടി ഇതര സ്റ്റാർട്ടപ്പുകൾക്കും ഐടി മേഖലയിൽ ലഭിക്കുന്ന പിന്തുണ തന്നെ നൽകുന്നതിനും സർക്കാർ തയ്യാറായിട്ടുണ്ടെന്നും ബഹു. മന്ത്രി പറഞ്ഞു.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായി റോബോട്ടിക്സ്, മാരിടൈം, ലോജിസ്റ്റിക്സ്, ഹൈടെക് ഫാമിങ്, ആയുർവേദം, ഫുഡ് പ്രൊസസിങ്, ബയോ ടെക്നോളജി, റീസൈക്ലിങ് & വേസ്റ്റ് മാനേജ്മെന്റ്, ടൂറിസം, ലൈഫ് സയൻസ് തുടങ്ങിയ മേഖലകളിലെ സെക്ടറൽ മീറ്റിങ്ങുകൾ നേരത്തെ സംഘടിപ്പിച്ചു കഴിഞ്ഞു. കൂടാതെ ബംഗളൂരു, ചെന്നൈ, മുംബൈ, ഡൽഹി ഇൻറസ്ട്രിയൽ റോഡ്ഷോകളും സംഘടിപ്പിച്ചു. വിദേശ രാജ്യങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചതിന് ശേഷം വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി വിഴിഞ്ഞം കോൺക്ലേവും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ 2025 ജനുവരി 28, 29 തീയതികളിലായി സംഘടിപ്പിക്കും.

41 പരിപാടികളാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായി നടക്കുന്നത്. ഇതെല്ലാം വിജയകരമായി സംഘടിപ്പിച്ചുകൊണ്ട് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലേക്ക് കടക്കുന്നതിനാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഒരുങ്ങുന്നത്. 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന ഈ അന്താരാഷ്ട്ര നിക്ഷേപക സംഗമം ഇന്നേവരെ കേരളം കാണാത്ത ചരിത്രസംഭവമായി മാറുമെന്നതിന് സംശയമില്ല.

## കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ് (KATS) 2025 ഫെബ്രുവരി 5,6 തീയതികളിൽ

തിരുവനന്തപുരത്തെ കേരളത്തിന്റെയും രാജ്യത്തിന്റെയും ഓട്ടോമോട്ടീവ് വ്യവസായങ്ങളുടെ ഹബ്ബാക്കിമാറ്റാൻ ഉള്ള ശ്രമങ്ങളിലാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്. ഈ ശ്രമത്തിന്റെ ഭാഗമായുള്ള ഏറ്റവും പുതിയ ചുവടു വയ്പ്പാണ് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇന്റസ്ട്രിയുമായി ചേർന്നുകൊണ്ടുള്ള കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ് (KATS) 2025 ഫെബ്രുവരി 5,6 തീയതികളിലായി തിരുവനന്തപുരത്തുവച്ച് സംഘടിപ്പിക്കുന്ന പരിപാടിയിൽ ആഗോളതലത്തിലെ പ്രധാന കമ്പനികളുൾപ്പെടെ പങ്കെടുക്കും.




കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനും (കെ.എസ്.ഐ.ഡി.സി.) കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും (സി.ഐ.ഐ.) സംയുക്തമായി സംഘടിപ്പിക്കുന്ന കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റിന്റെ ലോഗോ 2024 ഡിസംബർ 19ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പ്രകാശനം ചെയ്തു.

ഓട്ടോമോട്ടീവ് മാനുഫാക്ചറിങ് രംഗത്തെ അതികായരെ ഉൾപ്പെടെ കേരളത്തിലേക്ക് സ്വാഗതം ചെയ്യാൻ ഉദ്ദേശിക്കുന്ന പരിപാടിയിലൂടെ ലോകത്തിന് മുന്നിൽ സോഫ്റ്റ്‌വെയർ ഡിഫൈൻഡ് വിഭാഗത്തിലും ഇലക്ട്രിക് വിഭാഗത്തിലും കേരളം നൽകുന്ന പിന്തുണയും മികച്ച ടാലന്റ് പൂളും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും മറ്റ് ഗുണമേന്മകളും പ്രദർശിപ്പിക്കും.

## നിർമ്മാണ മേഖലയിലെ പ്രധാന കമ്പനികളുമായി റൗണ്ട് ടേബിൾ കോൺഫറൻസ്



ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായി നിർമ്മാണ മേഖലയിലെ പ്രധാന കമ്പനികളുമായുള്ള റൗണ്ട് ടേബിൾ കോൺഫറൻസ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ വിപുലമായ വ്യവസായ വളർച്ചാ സാധ്യതകളും നിക്ഷേപത്തിനും വികസനത്തിനും ഉതകുന്ന അവസരങ്ങളും എടുത്തുകാട്ടുന്നതായിരുന്നു കോൺഫറൻസ്.

2024 ഡിസംബർ 11 ന് തുരുവനന്തപുരത്തു നടന്ന ചർച്ചയിൽ നിയമാനുസൃതമായ ഭൂമിയിൽ സ്വകാര്യവ്യവസായ പാർക്കുകൾ സ്ഥാപിക്കാനുള്ള സാധ്യതകൾ ആരായുകയായിരുന്നു പ്രധാന ഉദ്ദേശം. ഇത്തരം പാർക്കുകൾക്ക് KINFRA അല്ലെങ്കിൽ KSIDC കൈകാര്യം ചെയ്യുന്ന ഭൂമിയുടെ അതേ പദവി ലഭിക്കും. കേരളത്തിന്റെ വ്യാവസായിക മേഖലയിലേക്ക് സംഭാവനകൾ നൽകാൻ സ്വകാര്യ മേഖലയ്ക്ക് വലിയ അവസരങ്ങൾ ഇതിലൂടെ ഒരുങ്ങും. ചർച്ചയിൽ പങ്കെടുത്തവർ ഉന്നയിച്ച ആശങ്കകളും നിർദ്ദേശങ്ങളും പരിഗണിക്കുകയും നിക്ഷേപം സുഗമമാക്കുന്നതിനുള്ള നയങ്ങളിൽ കൂടുതൽ പരിഷ്കരണങ്ങൾ ഉറപ്പാക്കുകയും ചെയ്യുമെന്ന് ബഹു. മന്ത്രി പറഞ്ഞു.

# കേരളത്തിന്റെ നിക്ഷേപ സാധ്യതകൾ ഉയർത്തിക്കാട്ടുന്ന ‘അൺബോക്സ് കേരള’ കാമ്പയിന് തുടക്കമായി




കേരളത്തിന്റെ മികച്ച നിക്ഷേപ സാധ്യതകൾ അടയാളപ്പെടുത്തുന്നതിനായി വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന ‘അൺബോക്സ് കേരള 2025’ കാമ്പയിൻ 2024 ഡിസംബർ 19ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. അടുത്ത വർഷം ഫെബ്രുവരി 21, 22 തീയതികളിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025-ന്റെ മുന്നോടിയായിട്ടാണ് പ്രചാരണ പരിപാടി സംഘടിപ്പിക്കുന്നത്.

കേരളത്തിന്റെ വിപുലമായ നിക്ഷേപ സാധ്യതകൾ പ്രയോജനപ്പെടുത്താൻ വ്യവസായ സമൂഹത്തോട് ആവശ്യപ്പെടുന്നതാണ് കാമ്പയിൻ. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ അന്തരീക്ഷത്തെയും ഇത് വ്യക്തമാക്കും. എഐ, റോബോട്ടിക്സ്, ആയുർവേദം, ബഹിരാകാശം, പ്രതിരോധം, ലോജിസ്റ്റിക്സ്, മാരിടൈം, മെഡ്ടെക്, ഭക്ഷ്യ സംസ്കരണം, ടൂറിസം, ഹോസ്പിറ്റാലിറ്റി, പുനരുപയോഗ ഊർജ്ജം തുടങ്ങി കേരളത്തിൽ വലിയ നിക്ഷേപ സാധ്യതയുള്ള മേഖലകളിലെ സഹകരണത്തിനും പങ്കാളിത്തത്തിനുമുള്ള അവസരം കാമ്പയിൻ മുന്നോട്ടുവയ്ക്കും.

ഈ മാസം ആരംഭിച്ച് ഫെബ്രുവരിയിൽ അവസാനിക്കുന്ന മൂന്ന് ഘട്ടങ്ങളിലായാണ് കാമ്പയിൻ ക്രമീകരിച്ചിരിക്കുന്നത്. സോഷ്യൽ മീഡിയ ഉൾപ്പെടെ വിവിധ പ്ലാറ്റ് ഫോമുകൾ വഴിയുള്ള പ്രചാരണത്തിലൂടെ കൂടുതൽ നിക്ഷേപകരെ ആകർഷിക്കാനാണ് ലക്ഷ്യമിടുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിലെ ഒന്നാം സ്ഥാനം, വ്യാവസായിക വികസനത്തിലെ മുന്നേറ്റം, നിക്ഷേപക സൗഹൃദ നയങ്ങൾ തുടങ്ങിയ കേരളത്തിന്റെ നേട്ടങ്ങൾ കാമ്പയിനിലൂടെ അറിയിക്കും. മികച്ച സാങ്കേതിക ആവാസവ്യവസ്ഥയും അടിസ്ഥാന സൗകര്യങ്ങളും നൈപുണ്യ ശേഷിയുമുള്ള കേരളത്തിലെ വ്യവസായ, നിക്ഷേപ സാധ്യതകൾ, നെറ്റ് വർക്കിംഗ് അവസരങ്ങൾ എന്നിവയും എടുത്തുകാണിക്കും. കേരളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പ്രമുഖ കമ്പനികളെയും കാമ്പയിനിൽ പരിചയപ്പെടുത്തും.

കെഎസ്ഐഡിസി മാനേജിങ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, കെഎസ്ഐഡിസി എക്സിക്യുട്ടീവ് ഡയറക്ടർ ശ്രീ. ഹരികൃഷ്ണൻ ആർ, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീ. വിഷ്ണുരാജ് പി, കെഎസ്ഐഡിസി ജനറൽ മാനേജർ ശ്രീ. വർഗീസ് മാളാക്കാരൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.



## സംരംഭകവർഷം മാതൃകയിൽ നിക്ഷേപക വർഷവും

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ച സംരംഭക വർഷത്തിന്റെ മാതൃകയിൽ നിക്ഷേപക വർഷത്തിന് (ഇയർ ഓഫ് ഇൻവെസ്റ്റ്മെന്റ്സ്) രൂപം നൽകുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. വലിയ ഉൽപ്പാദക കമ്പനികളെക്കാൾ കേരളത്തിന്റെ മനുഷ്യവിഭവം, ഉയർന്ന നൈപുണ്യ ശേഷി, സാങ്കേതിക ആവാസവ്യവസ്ഥ എന്നിവ പ്രയോജനപ്പെടുത്തിയുള്ള നിക്ഷേപത്തിനാകും പ്രാധാന്യം നൽകുക.

സംരംഭക വർഷത്തിന്റെ ഭാഗമായി 3.25 ലക്ഷത്തിലേറെ സംരംഭങ്ങൾ തുടങ്ങാനും 22000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാനുമായി. ഈ അനുകൂല സാഹചര്യത്തിൽ നിന്നാണ് നിക്ഷേപക വർഷത്തിലേക്ക് കടക്കുന്നത്. സ്റ്റാർട്ടപ്പുകൾക്ക് നിലവിലുള്ള ഓർഡറുകൾ അടിസ്ഥാനമാക്കി വായ്പകൾ പരിഗണിക്കുമെന്നും ബഹു. മന്ത്രി പറഞ്ഞു.

## വ്യാപാര വാണിജ്യ മേഖലയ്ക്ക് ഉണർവേകാൻ പുത്തൻ ചുവടുവയ്പ്പ്



സംസ്ഥാനത്തെ വ്യാപാര വാണിജ്യ മേഖലയ്ക്ക് ഉണർവേകാൻ ചില്ലറ വ്യാപാരികളുടെ അസോസിയേഷനുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ യോഗം സംഘടിപ്പിച്ചു. 2024 ഡിസംബർ 18 ന് തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത വ്യാപാരികളുടെ യോഗത്തിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് സന്നിഹിതനായിരുന്നു.

എം.എസ്.എം.യിൽ ഉൾപ്പെട്ട വ്യാപാര സ്ഥാപനങ്ങൾക്ക് ഇൻഷ്വർ ചെയ്യുവാൻ സർക്കാർ സഹായം നൽകുമെന്ന് ബഹു. മന്ത്രി യോഗത്തിൽ വ്യക്തമാക്കി. വ്യാപാര സ്ഥാപനങ്ങൾക്ക് ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യാപാര ഉന്നമനത്തിനായി വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ കൈക്കൊള്ളുന്നതിനുള്ള സാദ്ധ്യതകൾ തേടുമെന്നും അദ്ദേഹം അറിയിച്ചു.

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. മിർ മുഹമ്മദ് അലി ഐ.എ.എസ്., വ്യവസായ വാണിജ്യ അഡിഷണൽ ഡയറക്ടർമാരായ ശ്രീ. രാജീവ് ജി., ഡോ. കെ. എസ്. കൃപകുമാർ, കെബിപ് സി.ഇ.ഒ ശ്രീ. സൂരജ് എസ്. തുടങ്ങിയവർ സംബന്ധിച്ച യോഗത്തിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി, കേരള വ്യാപാരി വ്യവസായി സമിതി, കേരള ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ്സ് അസോസിയേഷൻ ഭാരവാഹികൾ പങ്കെടുത്തു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.